"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചോറ്റി മഹാദേവ ക്ഷേത്രവളപ്പിലെ കുളം നവീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് രൂപീകരിച്ചിരിക്കുന്ന പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1699/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10/07/2020ലെ കത്ത്.

2. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 30/12/2019ലെ 1(2) നമ്പർ തീരുമാനം.

3 12/08/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.17.

## ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്ത് ജലാശയങ്ങളുടെ സംരക്ഷണം എന്ന ലക്ഷ്യത്തോടെ പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചോറ്റി മഹാദേവ ക്ഷേത്രവളപ്പിലെ കുളം നവീകരിക്കുന്നതിനും ഔഷധ സസ്യ പരിപാലനത്തിനുമായുള്ള പ്രോ. നം. 508/21 (അടങ്കൽ 15 ലക്ഷം രൂപ വികസന ഫണ്ട്) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനായി അനുമതി ഉണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിലൊന്നാണ് ജലസംരക്ഷണം. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മേഖലാ ചുമതലയിൽ ഉൾപ്പെട്ടതാണ് ജലസംരക്ഷണം. ശബരിമല ഇടത്താവളമായ ചോറ്റി മഹാദേവ ക്ഷേത്രത്തിലെ കുളം സംരക്ഷിക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്ന പ്രോജക്റ്റ് ജലാശയങ്ങളുടെ സംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായകമാണ്. കൂടാതെ മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കപ്പെടുന്ന ക്ഷേത്രക്കുളം ഇതര സംസ്ഥാനത്ത് നിന്ന് എത്തുന്ന തീർത്ഥാടകർക്കുകൂടി പ്രയോജനപ്രദവും തദ്ദേശ ഭരണ സ്ഥപനത്തിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ മാതൃകയായി വിലയിരുത്തുവാൻ സഹായകരവുമാണ്. ആയതിനാൽ 2020-21 വാർഷിക പദ്ധതിയിൽ മേൽ പ്രോജക്റ്റിന് മാർഗ്ഗ രേഖയിൽ ഇളവ് നൽകി പ്രത്യേകാനുമതി നൽകണമെന്ന കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരാമർശം (2 ) പ്രകാരം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറർ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020-21 വാർഷിക പദ്ധതിയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് നം. 508/21 (15 ലക്ഷം രൂപ - വികസന ഫണ്ട്) ആയി ഏറ്റെടുത്തിട്ടുള്ള കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചോറ്റി മഹാദേവ ക്ഷേത്രവളപ്പിലെ കുളം സംരക്ഷിക്കുന്നതിനും ഔഷധ സസ്യ പരിപാലനത്തിനുമായുള്ള ജില്ലാ പഞ്ചായത്ത്

രൂപീകരിച്ചിരിക്കുന്ന പ്രോജക്ടിന് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by R...NAMMA P A
Date: 2020.09.2... 03:15 IST
Reason: Approved
സെക്ഷൻ ഓഫീസർ.